പദ്ധതി	തുക കോടിയിൽ
നിർമറി	25.51
ഇടത്തരം ജലസേചനം	32.87
ചെറുകിട ജലസേചനം	33.133
ഗ്രാമീണ പാലങ്ങൾ	114.41

11 (3464) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ പുനഃസംഘടന

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഗ്രാമവികസന ഏജൻസികൾ പുനഃസംഘടിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജില്ലാ ഗ്രാമവികസന ഏജൻസികൾ ജില്ലാ പഞ്ചായത്തിൽ യോജിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(ബി) ലയനം എപ്രകാരം നടത്തണമെന്നത് സംബന്ധിച്ച അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

12 (3465) ജെ.ആർ. വൈ. പദ്ധതി പ്രകാരം ചെലവഴിക്കുന്ന തുക

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ജെ. ആർ.വൈ. പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയുടെ ഓഡിറ്റിംഗ് ഏത് വകുപ്പിന്റെ ചുമതലയിൽപെട്ടതാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതുവർഷം വരെയുള്ള കണക്കുകളാണ് ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന ജെ.ആർ.വൈ. പദ്ധതിയുടെ ഏതേതു വർഷത്തെ ചെലവിനങ്ങൾ ഓഡിറ്റിന് വിധേയമാക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി 1997-98-ൽ എത്ര കോടി രൂപയാണ് കേന്ദ്രസർക്കാർ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചത് എന്നും അതിൽ പ്രസ്തുത വർഷം എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ കണക്ക് ഓഡിറ്റ് ചെയ്യുന്ന വകുപ്പ് ഇതിന്റെ ചെലവിനങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിക്കാറുണ്ടോ; ആയത് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിൽ നൽകാറുണ്ടോ; മറ്റാർക്കെല്ലാമാണ് ഈ റിപ്പോർട്ട് നൽകുന്നത്;

(എഫ്) പ്രസ്തുത വകുപ്പിന്റെ ഓഡിറ്റിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ചാർജ്ജ്-സർചാർജ്ജ് നടപടികൾ സ്വീകരിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അധികാരം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ ഇതുവരെയായി സ്വീകരിച്ചിട്ടുണ്ട്;

(ജി) ഇത്തരത്തിൽ യഥാസമയം ചാർജ്-സർചാർജ് നടപടികൾ സ്വീകരിക്കാതിരിക്കുകയും ക്രമക്കേടുകൾക്ക് കാരണക്കാരായ ഉദ്യോഗസ്ഥർ നടപടികൾക്ക് വിധേയരാകാതെ രക്ഷപ്പെടുകയും ചെയ്യുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ജെ.ആർ.വൈ. പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുകയുടെ വിശദമായ ഓഡിറ്റ് നടത്തുന്നതിനും ക്രമക്കേടുകൾ കണ്ടുപിടിച്ച് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും ചാർജ് സർചാർജ് നടപടികൾ നടത്തുന്നതിനും ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 23.5.91-ലെ സർക്കാർ ഉത്തരവ് നമ്പർ.2384/91 തദ്വേ.നമ്പർ പ്രകാരം കണക്കുകൾ പരിശോധിക്കുമ്പോൾ ഗ്രാമ പഞ്ചായത്തുകൾ ജവഹർ തൊഴിൽദാന പദ്ധതിക്കു വേണ്ടി ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ കൂടി ഓഡിറ്റ് ചെയ്യുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ നിലവില്ലാതിരുന്നതിനാൽ അവയ്ക്ക് ഇത് ബാധകമല്ല.

(ബി) 1989-90 മുതൽ 1997-98 വരെയുള്ള വർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം താഴെകൊടുക്കും പ്രകാരമാണ്.

വർഷം	ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചത്
1989-90	237
1990-91	238
1991-92	236
1992-93	233
1993-94	184
1994-95	90
1995-96	57
1996-97	21
1997-98	21

(സി) 1989-90 മുതൽ 1997-98 വരെയുള്ള വർഷങ്ങളിൽ ഓഡിറ്റ് ചെയ്യുവാനുള്ള പദ്ധതികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

വർഷം	ഓഡിറ്റ് എടുക്കുവാൻ ബാക്കിയുള്ളത്
1989-90	739
1990-91	738
1991-92	740
1992-93	743
1993-94	806

LIBRARY ARCHIVES Kerala Legislative Assembly

1994-95	900
1995-96	933
1996-97	963
1997-98	921

(ഡി) ജവഹർ തൊഴിൽദാനപദ്ധതിക്കായി 97-98-ൽ 37.38 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. കേന്ദ്രസംസ്ഥാനവിഹിതം മുൻവർഷത്തെ നീക്കിയിരിപ്പ് എന്നിവയിൽനിന്നും ആകെ 38.52 കോടി രൂപ ചെലവഴിച്ചു.

(ഇ) ഉണ്ട്. റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. ജെ.ആർ.വൈ. പദ്ധതിയുടെ ചെലവിനങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ചശേഷമാണ് ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്.

ഡി. ആർ.ഡി.എ. ബന്ധപ്പെട്ട പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നിവർക്കും ഈ റിപ്പോർട്ടും നൽകാറുണ്ട്.

(എഫ്) 23.5.91-ലെ ജി.ഒ.(പി) 2384/91 തദവ. പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ജെ.ആർ.വൈ. ഓഡിറ്റിന് ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ചാർജ്/സർചാർജ് നടപടികൾ നടത്തുന്നതിനുള്ള അധികാരം വ്യവസ്ഥ ചെയ്തിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) 23.5.1991-ലെ ജി.ഒ.പി. 2384/91/തദവ പ്രകാരം ജെ.ആർ.വൈ പദ്ധതികളുടെ ഓഡിറ്റിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചാർജ്/സർചാർജ് നടപടികൾക്കുള്ള അധികാരം വ്യവസ്ഥ ചെയ്തിട്ടില്ല.

13 (3466) സ്വയംതൊഴിൽ പദ്ധതിവഴിയുള്ള ഉല്പന്നങ്ങൾക്ക് വിപണി

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾക്ക് വിപണിസൗകര്യം ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കിയ കേന്ദ്രപദ്ധതിപ്രകാരം ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)&(സി) പുതുക്കിയ ഗ്രാമീണ സ്വയംതൊഴിൽ പദ്ധതിയായ സ്വർണജയന്തി ഗ്രാമ സ്വറോസ്ഗർ യോജന പ്രകാരം പദ്ധതിക്കുവേണ്ടിയുള്ള അടിസ്ഥാനസൗകര്യവികസന പരിപാടിയായി ഒരു നിശ്ചിതശതമാനം (20%) തുക നീക്കിവയ്ക്കാവുന്നതാണ്. ഈ തുക വിനിയോഗിച്ച് വിപണനസാദ്ധ്യതകൾ വികസിപ്പിച്ച് എടുക്കുന്ന പരിപാടികൾ ഏറ്റെടുക്കാവുന്നതാണ്. വിപ

LIBRARY ARCHIVES Kerala Legislative Assembly